# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3993** — **11.11.2019 - ൽ മറുപടിക്ക്.**

## ഭക്ഷ്യ ഭദ്രത ബത്ത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ**<br>**,, മുല്ലക്കര രത്നാകരൻ**<br>**,, എൽദോ എബ്രഹാം :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ദേശീയ ഭക്ഷ്യ ഭദ്രത നിയമ പ്രകാരം ആർക്കൊക്കെയാണ് ഭക്ഷ്യ ഭദ്രത ബത്ത നൽകുന്നതെന്ന് വെളിപ്പെടുത്താമോ;<br><br>**(ബി)** പ്രസ്തുത ബത്ത സംസ്ഥാനത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(എ)** **യും** **(ബി)** **യും** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 -ന്റെ അനുഛേദം-8 പ്രകാരം എ.എ.വൈ., മുൻഗണനാ വിഭാഗത്തിലുള്ള കാർഡുടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഭക്ഷ്യ ഭദ്രത ബത്ത നൽകണമെന്നും ആയത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 -ലെ ഷെഡ്യൂൾ (1) ലെ വില അടിസ്ഥാനപ്പെടുത്തിയായിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-19 ലെ Minimum Supportive Price (MSP) -ഉം റേഷൻ കടകൾ വഴി വിൽക്കുന്ന സാധനങ്ങളുടെ വിലയും അടിസ്ഥാനപ്പെടുത്തി ഭക്ഷ്യ ധാന്യത്തിന്റെ MSP നിരക്കിലുള്ള വിലയുടെ ഒന്നേകാൽ ഇരട്ടി വില കണക്കാക്കി അതിൽ നിന്ന് റേഷൻ വില കുറച്ച് കിട്ടുന്ന തുകയാണ് ബത്തയായി അനുവദിക്കുന്നത്.<br><br>*Food Security Allowance* = *[{(MSP * 1.25) - Selling Price of Rice}* Quantity of Item not delivered]*<br><br>തിരുവനന്തപുരം ജില്ലയിൽ 2162/- രൂപയും കോട്ടയം ജില്ലയിൽ 834/- രൂപയും ഭക്ഷ്യ ഭദ്രതാ ബത്തയായി നൽകിയിട്ടുണ്ട്. |
| **(സി)** സംസ്ഥാനത്ത് നടപ്പാക്കിയ റേഷൻ പോർട്ടബിലിറ്റി സൗകര്യം ജനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ടോ; | **(സി)** ഉണ്ട്. |

| | |
|---|---|
| **(ഡി)** സംസ്ഥാനത്ത് റേഷൻ വാങ്ങുന്നതിന് പ്രോക്സി സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ; ഇത് വ്യാപകമായി ഉപയോഗിക്കുന്നുണ്ടോ എന്നറിയിക്കാമോ? | **(ഡി)** ഉണ്ട്. നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത കാർഡ് ഉടമകൾക്ക് പകരക്കാരെ നിശ്ചയിക്കുന്നതാണ് പ്രോക്സി സംവിധാനം. പ്രോക്സിയായി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡ് അംഗം ആയിരിക്കണം. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നം. എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകിയാൽ മതിയാകും. നാളിതുവരെ 30513 കാർഡുകളിൽ പ്രോക്സിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*